5

# അലഞ്ഞു തിരിഞ്ഞ കാലം

## പുറപ്പാട് മുതൽ യോർദ്ദാൻ കടക്കുന്നതു വരെ

## ബി.സി. 1491-1451 (പുറ. 15- 40, ലേവ്യ., സംഖ്യ., ആവ.)

### I. ചെങ്കടൽ മുതൽ സിനായ് വരെ.
### (പുറ. 15-18.)

1. **വിടുതലിന്റെ ഗാനം** (പുറ. 15). – ചെങ്കടലിനടുത്തെത്തിയ യിസ്രായേലിന്റെ വികാരം തിരിച്ചറിയുവാനോ വിവരിക്കുവാനോ എളുപ്പമായിരുന്നില്ല. വിജയത്തിന് നന്ദിയും താഴ്മയുമായിരിക്കണം ഏറ്റവും ഉയർന്ന മനോഭാവം. അഹങ്കാരത്തിനു സ്ഥാനം ഇല്ലായിരുന്നു. അവരുടെ കുഴപ്പം അങ്ങേഅറ്റമായിരുന്നു, അവരുടെ വിടുതൽ പൂർണ്ണവും അതു യെഹോവയാൽ മാത്രം സാധ്യമായതുകൊ് പുകഴ്ച്ച അവനു മാത്രമായിരുന്നു അതു നമ്മിൽ തരുന്നതു അത്ഭുതകരമായ ഒരു വിടുതലിന്റെ ഓർമ്മയാണ്.[1]

2. **രെഫീദിമിലേക്കുള്ള പ്രയാണം**. – യിസ്രായേലിനു തങ്ങളുടെ വിജയത്തിൽ തന്നെ തങ്ങുവാൻ കഴിഞ്ഞില്ല. ദേശീയ സംഘടന സിനായിയിൽ വെച്ച് പൂർത്തിയാക്കേയിരുന്നു. അവിടെനിന്നുള്ള വഴി പൂർവ്വ കടൽത്തീരത്തുകൂടെ കുറെ ദൂരം പോകേയിരുന്നു; വടക്കുഭാഗത്തുള്ള ജില്ലയെ വിളിച്ചിരുന്നതു “സോർ മരുഭൂമി,” എന്നായിരുന്നു തെക്കുഭാഗം അറിയപ്പെട്ടിരുന്നതു “സിൻ മരുഭൂമി,” എന്നാണ്. മാറയിലെ മധുരമുള്ള വെള്ളവും എലിമിലെ പാളയത്തിനടുത്ത് പന്ത്രു ഉറവകളും എഴുപതു പനകളുമുായിരുന്നതു ആദ്യപ്രയാണത്തിലായിരുന്നു. അവർ പുറപ്പെട്ടിട്ട് ഒരു മാസം കഴിഞ്ഞു. അവർ സീൻ[2] എന്ന അതിഭയങ്കര മരുഭൂമിയിലേക്കു പ്രവേശിച്ചു. മിസ്രയീമിൽനിന്നു കൊുവന്ന ആഹാരമെല്ലാം തീർന്നു, വിശപ്പോടുകൂടെ ദാഹവും കഠിനമായിതീർന്നു. അത്ഭുതകരമായി വിടുവിച്ച ഭൂതകാലവും ദൈവത്തിന്റെ വാഗ്ദാനവും അവർ മറന്നു, തങ്ങളെ ഈ മരുഭൂമിയിൽ കൊല്ലുവാൻ കൊുവന്നിരിക്കയാണോ എന്നു അവർ മോശെയിൽ കുറ്റം ആരോപിക്കുവാൻ തുടങ്ങി. തുടർന്നു കരുണയുടെ അത്ഭുതം ആയി, മന്ന സ്വർഗത്തിൽ നിന്നു പൊഴിച്ചു, നാല്പതു വർഷം മരുഭൂയാത്രയിൽ ദൈവം അവരെ പോറ്റി, അതിനെ അലങ്കാരമായി എടുത്തു താൻ സ്വർഗത്തിൽനിന്നു ഇറങ്ങി വന്ന ജീവനുള്ള അപ്പം ആണെന്നു പറഞ്ഞു.

3. **രെഫീദീമിലെ പാളയം**. – യിസ്രായേൽ ഇപ്പോൾ സീൻ മരുഭൂമിയുടെ സമതലം വിട്ട് രെഫീദിമിൽ പാളയം അടിച്ചിരിക്കുന്നു. അവർ പർവ്വതനിരകളിലൂടെ അണിയണിയായി നീങ്ങി ഹോരേബിലെത്തി. അവിടെ അവർ വീും വെള്ളത്തിനു വിഷമിച്ചു. മോശെ പാറയിൽ അടിക്കുകയും, വെള്ളം സമൃദ്ധിയായി ലഭിക്കയും ചെയ്തു. അവിടെ വെച്ച് അവരെ അമാലേക്യർ യാതൊരു പ്രകോപനവും കൂടാതെ ആക്രമിക്കയുായി. യോശുവയുടെ നേതൃത്വത്തിൽ തിരഞ്ഞെടുത്ത ആളുകളാലായിരുന്നു ആ ആക്രമണത്തെ നേരിട്ടത്, അപ്പോൾ അഹരോനും ഹൂരും പ്രാർത്ഥിച്ചുകൊിരുന്ന മോശെ

യുടെ കൈ ഉയർത്തിപ്പിടിച്ചുകൊിരുന്നു. ഇവിടെ വെച്ച് മോശെ തന്റെ കുടുംബത്തോടു ചേരുന്നു്, മൽസരസമയത്തും പുറപ്പാടു സമയത്തും അവർ യിത്രോയോടുകൂടെ ആയിരുന്നു. ന്യായം നടത്തുന്നതിനെ സംബ ന്ധിച്ച് യിത്രോ മോശെക്കു വിലയേറിയ നിർദ്ദേശം നൽകുന്നു്.

### II. സിനായിയിലെ വർഷം.

രെഫീദിമിൽനിന്നു, മോശെ യിസ്രായേലിനെ സിനായ് പർവ്വതത്തിലേക്കു നയിച്ചു. അവരെ അതിശയിപ്പിക്കേതിന്നു സമീപിക്കുന്നതു അണിഅണി യായിട്ടുള്ള നിരകളിലൂടെ ആയിരുന്നു. അവർ ഒടുവിൽ, ആയിരത്തി അഞ്ഞൂറു അടി[3] ഉയരത്തിൽ, കൽയാഗപീഠം പോലെയുള്ള പർവ്വതത്തിന്റെ, ഒരു സമതല പ്രദേശത്ത് പാളയം അടിച്ചു.

**1. ദേശിയ നിയമം (പുറ. 19; 20).** – പിതാക്കന്മാരുടെ കാലത്തു പലപ്പോ ഴായി പുതുക്കികൊടുത്ത, അബ്രഹാമിനോടു അവൻ ചെയ്ത നിയമം, ഇപ്പോൾ അടുത്ത സമയത്ത്, മുൾപ്പടർപ്പിൽവെച്ച് മോശെക്കു പ്രത്യേക ദേശീ യനിയമമായി വിപുലമാക്കി കൊടുത്തു. അബ്രഹാമിനെ വിളിച്ചവനും പിതാ ക്കന്മാരെ കരുതിയവനും; മിസ്രയീമിലെ തന്റെ ജനത്തിന്റെ സങ്കടം ക് അവരെ വിടുവിച്ചവനും; തുടർന്നും അവൻ അവരെ നയിക്കുകയും പോറ്റു കയും ചെയ്തു, ഇപ്പോൾ അവൻ അവരോടു ഒരു പ്രത്യേക നിയമം ചെയ്യു ന്നു. മോശെ മുഖാന്തരം ദൈവം കൊടുത്ത നിയമം, ആളുകൾ സ്വീകരിക്ക യും, ഒരു പുസ്തകത്തിൽ എഴുതുകയും, രക്തം തളിച്ചുള്ള യാഗത്താൽ, ഉറ പ്പിക്കയും ചെയ്തു. ആ നിയമം പത്തു കല്പനകളായി വിപുലപ്പെടുത്തുകയും, ആരംഭത്തിൽ സീനായി പർവ്വതത്തിൽവെച്ചു ഇടിയുടെയും മിന്നലിന്റെയും ഭൂകമ്പത്തിന്റെയും ഇടയിൽ കൊടുത്തതായിരുന്നു. പിന്നീടു അവ ദൈവം കല്പലകകളിൽ എഴുതിക്കൊടുത്തു. അവ താഴെ കൊടുത്തിരിക്കുന്നു:

(1) ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുാകരുത്.
(2) ഒരു വിഗ്രഹം ഉാക്കരുത്.
(3) നിന്റെ ദൈവമായ യഹോവയുടെ നാമം നീ വൃഥാ എടുക്കരുത്.
(4) ശബ്ബത്തുനാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക.
(5) നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക.
(6) കുല ചെയ്യരുത്.
(7) വ്യഭിചാരം ചെയ്യരുത്.
(8) മോഷ്ടിക്കരുത്.
(9) കൂട്ടുകാരന്റെ നേരെ കള്ളസാക്ഷ്യം പറയരുത്.
(10) മോഹിക്കരുത്.

ലിക്കാർഗസിന്റെ നിയമങ്ങൾക്കു അഞ്ഞൂറുവർഷം മുൻപായി, റോമിലെ പന്ത്രുമേശകൾക്കു ആയിരം വർഷം മുൻപ് ഏൽപിച്ചുകൊടുത്ത ഉന്ന തമായ നിയമങ്ങളായിരുന്നു അത്. പത്തു കല്പനകൾ ഇപ്പോഴും വിപുല പ്പെടുത്തി ആഭ്യന്തരമായും ആഘോഷപരമായുമുള്ള നിയമത്തിനായി ഉപ യോഗിക്കുന്നു.

**2. ദേശീയ പൗരോഹിത്യം.** – പിതാക്കന്മാരുടെ കാലത്ത് കുടുംബത്തല വന്മാർ പുരോഹിത പ്രവൃത്തി ചെയ്തിരുന്നു. പുറപ്പാടിനുശേഷം, ദേശത്തെ

മുഴുവൻ വിശുദ്ധമായി കണക്കാക്കുകയും, പ്രത്യേകിച്ച് ആദ്യജാതനെ അങ്ങനെ കണക്കാക്കുകയും വേണമായിരുന്നു (പുറ. 13:2, 11–15). പിന്നീടു ആദ്യജാതനുപകരം ലേവ്യാഗോത്രത്തെ പൗരോഹിത്യ ശുശ്രൂഷക്കായി വേർപെടുത്തി (സംഖ്യാ. 3:5–13). ശരിയായ പുരോഹിതന്മാരായി അഹരോന്റെ കുടുംബത്തെ വിശുദ്ധീകരിച്ചു, അഹരോനും, അവനുശേഷം അവന്റെ മൂത്ത പുത്രന്മാരും പിന്തുടർച്ചാവകാശമായി, യെഹൂദ ദേശത്തിലെ ഉയർന്ന പദവിയായ, മഹാപുരോഹിതന്മാരായി തീർന്നു.

**3. ദേശീയ ഉത്സവങ്ങൾ.** – മൂന്ന് വാർഷിക ഉത്സവങ്ങൾ ഉായിരുന്നു. അവ അവരുടെ ദേശീയ ചരിത്രത്തിലെ പ്രധാന സംഭവങ്ങളുടെ ഓർമ്മക്കായിരുന്നു, അവ വിളവെടുപ്പുസമയത്ത് തുടർച്ചയായി ആഘോഷിക്കേതായിരുന്നു.

*a. പെസഹ, അല്ലെങ്കിൽ പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ.* – പുറപ്പെടലിന്റെ രാത്രി സ്ഥാപിച്ചതും, അവരെ അടിമത്വത്തിൽനിന്ന് വിടുവിച്ചതിനെ ഓർക്കേതുമായിരുന്നു; എന്നാൽ, അത് വന്നിരുന്നത് ആബിബ് 14–21 ലായിരുന്നു (നമ്മുടെ ഏപ്രിൽ ആദ്യം), അതു ആഘോഷിച്ചിരുന്നത് വിളവെടുപ്പിന്റെ ആരംഭഘട്ടത്തിലായിരുന്നു. അതിലെ മുഖ്യഘടകങ്ങൾ പെസഹ കുഞ്ഞാടിനെ, പുളിപ്പില്ലാത്ത അപ്പവും കയ്പുനീരും, ധാന്യംകൊു ചുട്ട അപ്പവും വിളവെടുപ്പിന്റെ ദൈവത്തിന് നന്ദിചെലുത്തിക്കൊു ഭക്ഷിച്ചിരുന്നു.

*b. വാരോൽസവം, അല്ലെങ്കിൽ പെന്തെക്കൊസ്തു.* – ഇത് പെസഹാ കഴിഞ്ഞ് അൻപതാം ദിവസം വന്നിരുന്നു, ധാന്യ വിളവെടുപ്പിന്റെ അവസാനം ആഘോഷിച്ചിരുന്നതുമാണ്. പിന്നീടുള്ള യെഹൂദന്മാർ ന്യായപ്രമാണം കൊടുത്തതിനെയും ഓർമ്മിച്ചിരുന്നു, മുൻപറഞ്ഞതുപോലെ പെസഹാ കഴിഞ്ഞ് അൻപതാം ദിവസമാണ് അതു വന്നിരുന്നത്. ചുട്ട അടയുടെ രൂപത്തിൽ ആദ്യഫലങ്ങൾ അർപ്പിച്ചിരുന്ന ഒരു മുഖ്യമായ മതപരമായ ആഘോഷമായിരുന്നു അത്.

*c. കൂടാരപ്പെരുന്നാൾ, അല്ലെങ്കിൽ ഒന്നിച്ചുചേരൽ .* – അത് ആഘോഷിച്ചിരുന്നത് ഏഴാം മാസത്തിലെ പതിനഞ്ചാംനാൾ മുതൽ ഇരുപത്തിരാം നാൾവരെ ആയിരുന്നു. അത് ഒരുതരം വിളവെടുപ്പുഭവനമായിരുന്നു – ഫലം ഒന്നിച്ചു ചേർക്കലിന്റെ ആഘോഷമായിരുന്നു. അത് യെഹൂദരീതിയിലുള്ള സ്തോത്രം ചെലുത്തലായിരുന്നു. നാല്പതുവർഷത്തെ മരുഭൂമിയിലെ കൂടാരവാസത്തെ ഓർമ്മിച്ച്, അവർ ഒരാഴ്ച്ച ശിഖരങ്ങളുടെ കൂടാരങ്ങളിൽ പാർത്തു.

**4. ദേശീയ ദേവാലയം.** – സീനായി മലയിലെ ആ വർഷം കൂടാരങ്ങൾ നിർമ്മിച്ചിരുന്നു. അത് ഇളക്കിക്കൊുപോകാവുന്ന ചെറിയ ഒരു ദൈവാലയമായിരുന്നു, അതിനു നാല്പത്തി–അഞ്ചിൽ പതിനഞ്ച് അടി ഉായിരുന്നു. "വിശുദ്ധ സ്ഥലം," മുപ്പതിൽ പതിനഞ്ച് അടി ഉള്ളതിൽ, ധൂപവർഗ്ഗം അർപ്പിക്കുവാനുള്ള പീഠവും, കാഴ്ച്ചയപ്പം വെക്കുവാനുള്ള മേശയും, ശിഖരങ്ങളുള്ള ഏഴ് സ്വർണ്ണനിലവിളക്കുകളും, അതിലുായിരുന്നു. "അതിവിശുദ്ധ സ്ഥല" ത്തിന്, പതിനഞ്ചടി വീതിയും, അതിൽ നിയമപലകകൾ എഴുതപ്പെട്ട നിയമപെട്ടകം സൂക്ഷിക്കുന്നതിനു ഉപകരണം ഒന്നുമില്ലായിരുന്നു, ഒരുപാത്രം മന്നയും അഹരോന്റെ തളിർത്ത വടിയും ഉായിരുന്നു. അതിവിശുദ്ധ സ്ഥലത്ത് മഹാപുരോഹിതൻ ഒഴിച്ച് ആർക്കും പ്രവേശനം ഇല്ലായി

രുന്നു, അയാൾ പ്രതിഷ്ഠാദിനമായ മഹാദിവസത്തിൽ, ജനത്തിന്റെ പാപങ്ങൾക്കുവേി വാർഷികയാഗം കഴിക്കണമായിരുന്നു. സമാഗമനകൂടാരത്തിനു ചുറ്റുമുള്ള തുറന്ന പ്രാകാരത്തിന് ദഹനയാഗം അർപ്പിക്കുവാനുള്ള യാഗപീഠവും മറ്റും ഉായിരുന്നു. മരുഭൂമിയിലെ അവരുടെ അലതിരിഞ്ഞ സമയത്ത് സമാഗമനകൂടാരം അവർ ചുമന്നുകൊു പോവുകയും, പിന്നെ സുലോഹിൽ വയ്ക്കയും ചെയ്തു, നാനൂറുവർഷങ്ങളോളം ദേശീയ ആരാധന നടന്നത് അവിടെയായിരുന്നു, അത് ശലോമോൻ ദേവാലയം പണിതതുവരെ തുടർന്നുവന്നു.

**5. ദേശീയ യാഗങ്ങൾ.** – യെഹൂദാരാധനയുടെ മുഖ്യഘടകങ്ങൾ യാഗങ്ങളായിരുന്നു. അത് ഒന്നുകിൽ മൃഗങ്ങൾ അല്ലെങ്കിൽ ദേശത്തിലെ ഫലങ്ങൾ ആയിരുന്നു. മൃഗയാഗങ്ങളിൽ മൂന്നുവിധം യാഗങ്ങൾ ഉായിരുന്നു:

*a. ദഹനയാഗങ്ങൾ.* – അവ ദിവസവും, രാവിലെയും വൈകുന്നേരവും അർപ്പിച്ചിരുന്നു; അവ മുഴുവനും ദഹിപ്പിക്കയും, ആലങ്കാരികമായി ദൈവത്തിനു സമർപ്പിക്കുകയും ചെയ്തിരുന്നു.

*b. സമാധാനയാഗങ്ങൾ.* – ഇവയുടെ സ്വഭാവമെന്തെന്നാൽ അതിന്റെ ഒരു ഭാഗം യാഗമർപ്പിക്കുന്ന ആൾ അയാളുടെ സ്നേഹിതന്മാരെയും അതിലേക്ക് ക്ഷണിച്ച് നൽകാവുന്നതാണ്. അവ കൂട്ടായ്മ പ്രകടിപ്പിക്കുന്നതും, ദൈവവുമായിട്ടുള്ള ബന്ധം പുലർത്തുന്നതും, ചിലപ്പോൾ അസംഖ്യമായി അർപ്പിക്കുന്നതുമാകുന്നു.

*c. പാപയാഗങ്ങൾ.* – അവ വ്യക്തിപരമോ അല്ലെങ്കിൽ ദേശീയമോ ആയിരുന്നേക്കാം. എങ്ങനെയായാലും, യാഗത്തിൽ ഒരൊറ്റ ബലിമൃഗമായിരുന്നു ഉായിരുന്നത്. അതിലൊരുഭാഗം യാഗപീഠത്തിൽ ദഹിപ്പിക്കും; ഒരു ഭാഗം പുരോഹിതന്മാർ ഭക്ഷിച്ചേക്കാം, എന്നാൽ അത് പാചകം ചെയ്തപാത്രം അതിനുശേഷം, ലോഹമാണെങ്കിൽ, വൃത്തിയാക്കണം അല്ലെങ്കിൽ മണ്ണുകൊുള്ളതാണെങ്കിൽ, ഉടച്ചുകളയണം. കുടൽമാല, തുടങ്ങിയവ., പാളയത്തിനു പുറത്തു കത്തിച്ചുകളയണം. പാപയാഗമെന്ന ചടങ്ങ് പാപത്തിന്റെ മലിന സ്വഭാവത്തെ എടുത്തുകാണിക്കുന്നതിനുവേിയുള്ളതായിരുന്നു.

**6. ദേശീയ മതഭ്രംശം.** – ദേശീയ നിയമത്തിന്റെ ആദ്യലംഘനം നടന്നത് സീനായി മലയ്ക്കരുകിൽ വെച്ചായിരുന്നു. മോശെയെ കാണാതായപ്പോൾ താഴെ പാളയമടിച്ചിരുന്ന ജനം അവർക്കുമുൻപായി പോകേതിനു ഒരു ദൈവത്തിനായി ശഠിച്ചു. അഹരോൻ അതിനോടു പറ്റിച്ചേർന്നു. മിസ്രയീമ്യരുടെ കാളയെ ആരാധിക്കുന്നത് അനുകരിച്ച് അവൻ ഒരു കാളയെ വാർത്തുാക്കുകയും, യിസ്രായേൽ വിഗ്രഹാരാധനയോടെ ആഘോഷിക്കുവാൻ തുടങ്ങുകയും ചെയ്തു. മോശെ തന്റെ കൈകളിൽ കല്പലകകളുമായി ഇറങ്ങിവന്നു. അവർ നിയമം ലംഘിച്ചതുകൊ്, അവൻ എഴുതപ്പെട്ട കല്പലകകൾ എറിഞ്ഞ് ഉടക്കുകയും ചെയ്തു. അവന്റെ ആളുകൾക്കുവേിയുള്ള പക്ഷപാതം നിമിത്തം, അവരിൽ മൂവായിരംപേർ മാത്രം അകൃത്യത്തിന്റെ ശിക്ഷക്ക് ഇരയായി തീർന്നു; നിയമം പുതുക്കുകയും പുതിയ കല്പലകകളിൽ എഴുതി കൊടുക്കുകയും ചെയ്തു.

### III. സീനായി മുതൽ കാദേശുവരെ.

**1. പേർ ചാർത്തൽ.** – സീനായി പർവ്വതത്തിലെ പാളയം നീക്കം ചെയ്യുന്നതിനുമുൻപ് ഗോത്രങ്ങളുടെ കണക്കെടുപ്പുനടത്തി. മുപ്പത്തി എട്ടുവർഷ

ങ്ങൾക്കുശേഷം, അലഞ്ഞുതിരിയൽ അവസാനഘട്ടത്തിലെത്തിയപ്പോൾ, രാമത് ഒരു കണക്കെടുപ്പുകൂടെ നടത്തി. ആ ഇരട്ട കണക്കെടുപ്പു നൽകുന്ന പുസ്തകമാണ് സംഖ്യാപുസ്തകം.

2. **കാദേശിലേക്കുള്ള പ്രയാണം.** – സീനായിയിൽനിന്നു പുറപ്പെട്ടു, ഒരു വർഷം കഴിഞ്ഞ്, യിസ്രായേൽ കനാൻ ദേശത്തിന്റെ തെക്കേ അറ്റത്തുള്ള കാദേശിലേക്ക് പ്രയാണം ചെയ്തു. ആ യാത്ര മരുഭൂമിയിൽ കൂടെ ഉള്ളതാകയാൽ ക്ഷീണിതമായിരുന്നു. താബേരയിൽവെച്ചു ആളുകൾ കൈപ്പോടെ പിറുപിറുക്കാൻ തുടങ്ങിയതുകൊു, അവർ അഗ്നിയാൽ ദഹിപ്പിക്കപ്പെട്ടു. പ്രയാണം പുനരാരംഭിക്കുന്നതിനുമുൻപു, അവരോടുകൂടെ വിവിധ പുരുഷാരം ഉായിരുന്നു, യിസ്രായേൽ തങ്ങ ൾക്കു ലഭിച്ച അല്പമായ മന്നയെ വിട്ട്, മിസ്രയിമിലെ ആഹാരത്തിനായി അവർ മോഹിച്ചു. അസംഖ്യം പക്ഷികളെ അയക്കുകയും ചെയ്തു; എന്നാൽ അവയോടുകൂടിവന്ന ബാധ വളരെ പുരുഷാരത്തെ നശിപ്പിക്കുകയും ചെയ്തു, തബേരാ പാളയം (കത്തുന്ന) കിബ്രോത്ത് ഹട്ടാവാ (മോഹത്തിന്റെ ഗൗരവ സ്വഭാവം) എന്നറിയപ്പെട്ടു. പ്രയാണത്തിന്റെ മറ്റൊരു ദുഃഖ വസ്തുത എന്തെന്നാൽ അഹരോന്റെയും മിരിയാമിന്റെയും ദ്രോഹമായിരുന്നു. മിരിയാം കുഷ്ഠരോഗത്തിനിരയായി, എന്നാൽ മോശെയുടെ പക്ഷപാതം നിമിത്തം യഥാസ്ഥാനപ്പെട്ടു.

3. **വിശ്വാസത്തിന്റെ അധഃപതനം.** – ദേശം ഉറ്റുനോക്കുവാൻ കാദേശിലുള്ള പന്ത്രു ഒറ്റുകാരെ അയച്ചു. അവർ ഏകകണ്ഠമായി ദേശത്തെ പുകഴ്ത്തി, അവിടുത്തെ ഫലപുഷ്ടിയെ കാണിക്കുവാൻ ആകർഷണീയമായ അവിടത്തെ ഫലങ്ങളും കൊുവന്നു. എന്നാൽ കാലേബും യോശുവയും ഒഴിച്ച് ദേശം കൈവശമാക്കൽ പ്രയാസമെന്നായി. ദേശത്തിന്റെ വിശ്വാസം പാടേ തകർന്നുപോയി. അവർ മറ്റൊരു നായകനെ തിരഞ്ഞെടുക്കണമെന്നും, മിസ്രയീമിലേക്കു മടങ്ങിപോകണമെന്നും ആലോചിച്ചു. കാലേബും യോശുവയും അവരെ ഉത്തേജിപ്പിക്കുവാൻ ആഗ്രഹിച്ചു, എന്നാൽ കല്ലേറിൽനിന്ന് അവർ കഷ്ടിച്ചു രക്ഷപ്പെട്ടു. അവരുടെ വിശ്വാസം ഇതിനുമുമ്പും പലപ്പോഴും ബലഹീനമായി തീർന്നിട്ടു്; അതിനുമുൻപ് ഒരിക്കലും വാഗ്ദാനദേശത്തോടു പിൻതിരിഞ്ഞു നിന്നിരുന്നില്ല, ഇപ്പോൾ അവരുടെ മുഖം അടിമത്വ ഭവനത്തിലേക്കു തിരിഞ്ഞിരിക്കുന്നു. അവിശ്വാസം ഉച്ചസ്ഥായിയിൽ എത്തിയസമയമായിരുന്നു അത് (എബ്രം. 3:19). മുപ്പത്തി–എട്ടു വർഷകാലത്തോളം അവിശ്വാസമുള്ള തലമുറ ചുറ്റിത്തിരിഞ്ഞുകൊിരുന്നു, ഓരോരുത്തരായി അവരുടെ അസ്ഥികൾ മരുഭൂമിയിൽ പട്ടുപോയി. കനാൻനാട്ടിൽ പ്രവേശിക്കുവാൻ കാലേബും യോശുവയും മാത്രം അവശേഷിച്ചു. ആ മുപ്പത്തി–എട്ടുവർഷം ഏതാു ശൂന്യവും. ശബ്ബത്തു ലംഘിക്കുന്നവനെ ശിക്ഷിക്കുന്നതും, കോരഹ്, ദാഥാൻ, അബീരാം തുടങ്ങിയവരുടെ മത്സരവും മഹാപുരോഹിതനായി അഹരോനെ ഉറപ്പിച്ചതും അവന്റെ വഴി തളിർത്തതും, ആ കാലയളവിലെ സംഭവങ്ങളായിരുന്നു. അതിന്റെ അവസാനം യിസ്രായേൽ വീും കാദേശിൽ ഒന്നിച്ചുചേർന്ന് കനാനിലേക്ക് യാത്ര പോകുവാൻ തീരുമാനിച്ചു.

### IV. കാദേശുമുതൽ യോർദ്ദാൻ വരെ.

കാദേശിൽനിന്നുള്ള രാമത്തെ യാത്രയിൽ, മോശെയും അഹരോനും പാറയെ അടിച്ചതുകൊു, വാഗ്ദത്തദേശത്തു പ്രവേശിക്കുവാൻ കഴിഞ്ഞി

ല്ല. അവിടെവെച്ചു മിരിയാം മരിക്കുന്നു. ഏശാവിന്റെ പിൻഗാമികളായ ഏഥോമ്യർ, അവരുടെ പ്രദേശത്തുകൂടെ കടന്നുപോകുന്നത് നിരോധിച്ചതുകൊു, യിസ്രായേലിനു അവരുടെ തെക്കോട്ട് പൊയ്ക്കൊിരുന്ന വഴി മാറ്റി, ചെങ്കടലിന്റെ കിഴക്കേ തീരത്തുകൂടെ, യാത്ര തുടർന്നു. വഴിയിൽ വെച്ചു അഹരോൻ മരിക്കുന്നു, ഹോ പർവ്വതത്തിൽ അവനെ അടക്കുകയും ചെയ്തു. ഒരു പുതിയ അവിശ്വാസത്തിന്റെ പിഴയായി സർപ്പബാധ അയക്കുന്നു. മോശെ താമ്രം കൊുള്ള സർപ്പത്തെ ഉാക്കി കൊടിമരത്തിൽ തൂക്കുന്നു, അത് സൗഖ്യത്തിനുവേിയായിരുന്നു, അത് പിന്നീടു യേശു ക്രൂശിൽ ആകുന്നതിന്റെ ഒരു മുന്നോടി ആയിരുന്നു. യോർദ്ദാനുകിഴക്കുള്ള ശക്തരായ അമൂര്യ പ്രമുഖരായ ശീഖോനെയും ഓഗിനെയും, യിസ്രായേൽ കീഴ്പ്പെടുത്തി. രൂപേന്റെ ഗോത്രവും, ഗാതും മനേശാ ഗോത്രത്തിന്റെ പകുതിയും അവരുടെ പ്രദേശത്തുവസിച്ചിരുന്നു. മോവാബ് രാജാവ്, യിസ്രായേലിന്റെ മുന്നേറ്റ വിജയത്തെ സൂക്ഷിച്ചുകൊ്, അവരെ ശപിക്കുവാൻ ബാലാമിനു കൈക്കൂലി കൊടുത്തു. അവന്റെ ശാപം ഓരോ സമയത്തും അവന്റെ ചുുകളിൽ അനുഗ്രഹമായി മാറി. നേരിട്ടു അവനു ചെയ്യാൻ കഴിയാതിരുന്നത് പരോക്ഷമായി അവൻ ചെയ്തു. മോവാബ്യരുമായും മിഥ്യാന്യരുമായും ഉള്ള യിസ്രായേലിന്റെ പാപത്തിൽ അവൻ ഉൾപ്പെടുകയും, തൽഫലമായി ദൈവജനത്തിൽ ബാധ വരുകയും ചെയ്തു. എന്നാൽ ഒടുവിൽ, ശൂന്യമായ മരുഭൂമിയുടെ എല്ലാ കുഴപ്പങ്ങളും ഉായിരുന്നിട്ടും, ഭയങ്കര ശത്രുക്കളും അവരുടെ അവിശ്വാസവും നിമിത്തം, യിസ്രായേൽ യോർദ്ദാന്റെ കിഴക്കുവശത്ത് പാളയമടിച്ചു. മോശെ തന്റെ വിടവാങ്ങൽ സന്ദേശം അവതരിപ്പിക്കുന്നത്, ആവർത്തനപുസ്തകത്തിന്റെ ഒരു ഭാഗത്ത് ചേർത്തിട്ടു്. ചെങ്കടലിന്റെ കിഴക്കുള്ള, പിസ്ഗായിൽ നിന്ന്, അവന് വാഗ്ദത്തദേശത്തിന്റെ ദർശനം ലഭിച്ചു. അവിടെവെച്ചവൻ മരിക്കുന്നു, അറിയപ്പെടാത്ത സ്ഥലത്ത് അടക്കപ്പെടുകയും ചെയ്തു. *അവന്റെ* പ്രവൃത്തി പൂർത്തിയാക്കി. അവൻ തന്റെ ജനത്തെ വീടെടുത്തു, അടിമത്വവംശത്തെ മാറ്റി ഒരു സംഘടിത ദേശമാക്കി തീർക്കുകയും, അവരെ വാഗ്ദാന ദേശത്തിന്റെ വാതിൽക്കലേക്കു നയിക്കുകയും ചെയ്തു. അവൻ തന്റെ ജീവിതവും ദൗത്യവും ഒരുമിച്ച് ചേർത്തിരുന്നു.

---

കുറിപ്പുകൾ

[1]മോശെയുടെ ഗാനവും പെന്റാറിന്റെ കവിതയും തമ്മിലുള്ള വ്യത്യാസത്തിന്, നോക്കുക ഗിപ്സെന്റെ "മുസയാനിക് ഈറ," പി. 62. [2]ആ മരുഭൂമിയിലെ യാത്രയെ വിവരിക്കുവാൻ, നോക്കുക ജയിക്കിയുടെ "ഹവേഴ്സ് വിത് ദ ബൈബിൾ," വാല്യം. II., പിപി. 200, 201, 210, 211. [3]നോക്കുക "ഹവേഴ്സ് വിത് ദ ബൈബിൾ," വാല്യം. II., പി.പി. 251–253, 261–264.